# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 475 — 12.06.2012 ൽ മറുപടിയ്ക്ക്

## സ്വയം സഹായ സംഘങ്ങൾക്കുള്ള വായ്പയുടെ പലിശ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീമതി. ഗീതാ ഗോപി | | ശ്രീ. സി. എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) കുടുംബശ്രീ ഉൾപ്പെടെയുള്ള സ്വയം സഹായ സംഘങ്ങൾക്ക് എത്ര ശതമാനം പലിശക്കാണ് സഹകരണ ബാങ്കുകൾ വായ്പ നൽകുന്നത്; | (എ) | പരമാവധി 9% പലിശയാണ് |
| (ബി) പ്രസ്തുത വായ്പയ്ക്ക് സർവീസ് ചാർജ്ജ് ഈടാക്കുന്നുണ്ടോ; എങ്കിൽ എത്ര ശതമാനം; | (ബി) | പ്രസ്തുത വായ്പയ്ക്ക് ചില പ്രാഥമിക സഹകരണ സംഘങ്ങൾ 0.25% വരെയും ചില ജില്ലാ സഹകരണ ബാങ്കുകൾ ഒരു ശതമാനം വരെയും സർവീസ് ചാർജ്ജ് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കുടുംബശ്രീ ഉൾപ്പെടെയുള്ള സ്വയം സഹായ സംഘങ്ങൾക്ക് നൽകുന്ന വിവിധ ഇനം വായ്പകൾക്ക് സർവീസ് ചാർജ്ജ് ഈടാക്കാൻ പാടില്ല എന്ന് സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) പ്രസ്തുത വായ്പകളുടെ പലിശ കുറക്കുവാൻ നടപടി സ്വീകരിക്കുമോ; | (സി) | താരതമ്യേന ഏറ്റവും കുറഞ്ഞ നിരക്കിലുള്ള പലിശയാണ് കുടുബശ്രീ ഉൾപ്പെടെയുള്ള സ്വയം സഹായ സംഘങ്ങൾക്ക് നൽകുന്ന വിവിധ ഇനം വായ്പകൾക്ക് നിശ്ചയിച്ചിട്ടുള്ളത്. ആയതിനാൽ ഇത്തരം വായ്പകളുടെ പലിശ ഇനിയും കുറയ്ക്കുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല. |

| | | |
|---|---|---|
| (ഡി) | ഈ വായ്പകൾക്ക് ഈടാക്കുന്ന സർവീസ് ചാർജ് ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) കുടുംബശ്രീ ഉൾപ്പെടെയുള്ള സ്വയം സഹായ സംഘങ്ങൾക്ക് നൽകുന്ന വായ്പകൾക്ക് സർവീസ് ചാർജ്ജ് ഈടാക്കരുതെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ